Draft #1 of File 121663/AD A4-3/2021/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 25-Sep-2021 01:22 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം - സർവ്വകലാശാലയിലെ ഐ. റ്റി. വിഭാഗത്തിലേക്ക് കരാർ ജീവനക്കാരെ നിയോഗിക്കുന്നത് - പുതിയ വ്യവസ്ഥകൾ നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 4995/AD A 4/2021/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 25.09.2021

---

*പരാമർശം:*-1. ബഹു. വൈസ് ചാൻസലറുടെ 14.09.2021 തീയതിയിലെ രജിസ്ട്രാർക്കുള്ള കുറിപ്പ് നം. വി.സി. 702/01/085/2021.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ ഐ.റ്റി. വിഭാഗത്തിലേക്ക് കരാർ ജീവനക്കാരെ നിയോഗിക്കുമ്പോൾ നിയോഗ ഉത്തരവിലും കരാറിലും ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സോഫ്റ്റ്‌വെയർ ഡെവലപ്പർ, സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ, ഹാർഡ്‌വെയർ എഞ്ചിനീയർ, സീനിയർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് എഞ്ചിനീയർ, സിസ്റ്റം അനലിസ്റ്റ് തുടങ്ങിയ തസ്തികകളിലേക്ക് സർവ്വകലാശാല ഐ റ്റി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുമ്പോൾ ടിയാളുകൾ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ ഒരു മാസ കാലയളവ് നീരിക്ഷണ കാലയളവായി കണക്കാക്കുന്നതും ടിയാളുകളുടെ ടി തസ്തികയിലെ കരാർ അടിസ്ഥാനത്തിലുള്ള സേവനം തുടരുന്നത് പ്രസ്തുത നിരീക്ഷണ കാലയളവിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കൺട്രോളിംഗ് ഓഫീസർ രജിസ്ട്രാർക്ക് സമർപ്പിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കുന്നതുമാണ്.
2. ഇത്തരത്തിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന ഐ.റ്റി വിഭാഗം ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് പ്രോ-വൈസ് ചാൻസലർ (അധ്യക്ഷൻ), സിൻഡിക്കേറ്റ് സ്റ്റാഫ് കമ്മിറ്റി കൺവീനർ, രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഐ.റ്റി. ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതി രൂപികരിക്കുന്നു. ടി സമിതി ഓരോ മൂന്ന് മാസം കൂടുന്തോറും ഐ.ടി. വിഭാഗം ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ മാത്രം സേവനത്തുടർച്ച നൽകണമോ എന്നു തീരുമാനിക്കേണ്ടതുമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പി എസ് മാർ
2. രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
3. സിൻഡിക്കേറ്റ് സ്റ്റാഫ് കമ്മിറ്റി കൺവീനർ.
4. എ ആർ I / ഡി ആർ I / ജെ ആർ I (ഭരണ വിഭാഗം)
5. സി. എം. എസ് / ഐ.ക്യു.എ.സി
6. CITAD / CETEX / Director IT CELL
7. റെക്കോർഡ്സ് / ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 121663/AD A4-3/2021/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 25-Sep-2021 01:22 PM - Page 2